SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.12.2024
RNI Reg. No. KERMAL/2012/42077

PRICE:25/- VOL.NO:12 ISSUE NO:20 DECEMBER 2024 ANNUAL SUBSCRIPTION Rs. 100/-

## സത്യം മിനിസ്ട്രീസിൽ മിഷൻ ചലഞ്ച് കോൺഫറൻസ്



**മിഷൻ ചലഞ്ച് കോൺഫറൻസ് സത്യം മിനിസ്ട്രീസിൽ നടന്നതിന്റെ ദൃശ്യം**

**തിരുവല്ല:** സത്യം മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മിഷൻ ചലഞ്ച് കോൺഫറൻസ് ഡിസംബർ 5-ാം തീയതി വ്യാഴാഴ്ച 5 മണി മുതൽ തിരുവല്ല സത്യകൂടാരത്തിൽ വച്ച് നടത്തി. വൈകിട്ട് 8 മണി വരെയായിരുന്നു കോൺഫറൻസ്.

രാജസ്ഥാനിൽ ദീർഘകാലം മിഷനറിയായിരുന്ന ഡോ. എ. എ. തോമസിന്റെ മകൻ ഡോ. സാം തോമസാണ് മുഖ്യ പ്രഭാഷകൻ. ബ്രദർ മാത്യു ജോൺ ഗാനങ്ങൾ ആലപിച്ചു. ഇന്നത്തെ സാഹചര്യത്തിൽ വടക്കെ ഇന്ത്യയിലെ മിഷനറി പ്രവർത്തനത്തേക്കുറിച്ച് അദ്ദേഹം വിവരിച്ചു.

**"മിഷൻ ചലഞ്ച്"** എന്നതാണ് ചിന്താവിഷയം. സുവിശേഷകന്മാർ, ബൈബിൾ കോളേജ് അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പാസ്റ്റേഴ്സ്, സഭാ മൂപ്പന്മാർ, സൺഡേ സ്കൂൾ-യുവജനപ്രവർത്തകർ, മിഷനറിമാർ എന്നിവർ കുടുംബസമേതം പങ്കെടുത്തു.

പങ്കെടുത്തവർക്ക് പുതുവർഷ സമ്മാനം, പുസ്തകങ്ങൾ മുതലായവ സംഘാടകർ നല്കുകയും ചെയ്തു.

## കോട്ടയം കൺവൻഷൻ

**കോട്ടയം:** ഈ വർഷത്തെ കോട്ടയം കൺവൻഷൻ ഡിസംബർ 12 മുതൽ 15 വരെ തിരുനക്കര മൈതാനത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. വൈകുന്നേരം 4.30 യോടെ തുടങ്ങി 8 മണി വരെ ആയിരിക്കും ഈ അഞ്ച് ദിവസങ്ങളിലും കൺവൻഷൻ നടത്തപ്പെടുന്നത്. പ്രശ്സതരായ പ്രസംഗകരും, ഗായകരുമാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. പ്രസംഗകരായ ഇവാ. ചാണ്ടിപ്പിള്ള ഫിലിപ്പ്, ഇവാ. വർഗ്ഗീസ് കെ കുര്യൻ, ഇവാ. റ്റി വീ മാത്യു, ഇവാ. ജോബി ജെയിംസ് ഇവാ. തോമസ് ജേക്കബ്, ഇവാ. വി പീ പൗലോസയായിരിക്കും ബൈബിൾ പ്രഭാഷണം നടത്തുന്നത് തുടർന്ന് ഇവാ ഡാനിയേൽ വർഗ്ഗീസിന്റെ പ്രഭാതധ്യാനമുണ്ടായിരിക്കുന്നത്. ക്രൈസ്തവ മേഖലകളിൽ നിറഞ്ഞു നിൽക്കുന്നത് ഗായകരായ, ഇമ്മാനുവേൽ ഹെൻട്രി, സിസ്റ്റർ ശ്രുതി ഇമ്മാനുവേൽ, ബ്രദർ ഉണ്ണി തോബിയാസ്, ബ്രദർ ബിനോയി ചെറിയാൻ, ബ്രദർ ജെയിംസ് തോട്ടപ്പള്ളി, ബ്രദർ ബ്രൗൺ തോമസ്, ബ്രദർ ജോഷ്വ മനോജ്, ബ്രദർ ജെഫ്രി സഖറിയ, ബ്രദർ ക്ലീറ്റസ് ചാണ്ടപ്പിള്ള, സിസ്റ്റർ ആഷ്മി മാത്യു, സിസ്റ്റർ രൂത്ത് മനോജ്, എന്നിവരുടെ ആരാധന ഗാനങ്ങളുമുണ്ടായിരിക്കുന്നതാണ്.

## കൊട്ടാരക്കര കൺവഷൻ

**കൊട്ടാരക്കര:** ബ്രദറൺ കൺവൻഷൻ 2025 ജനുവരി 13 മുതൽ 19 വരെ നടത്തപ്പെടുന്നു. ബ്രദർ എബി. കെ. ജോർജ്, ബ്രദർ ജെയിംസ് എം തോമസ്, ബ്രദർ ബിജു ചുവന്നമണ്ണ്, ബ്രദർ പി. വി. ജെയിംസ്, ബ്രദർ ജോൺ കുര്യൻ എന്നിവർ ദൈവവചന ശുശ്രൂഷ നിർവഹിക്കും.

## മുടിയൻ പുത്രന്റെ സഹോദരൻ

**ബൈബിളിലെ** ഏറ്റവും സുപരിചിതമായ കഥ ആണ് മുടിയൻ പുത്രന്റെ കഥ... ആ വ്യക്തിക്കു ബൈബിൾ അങ്ങനെ ഒരു പേര് നൽകുന്നിലെങ്കിലും മനുഷ്യരുടെ ഇടയിൽ അദ്ദേഹത്തിന്റെ കഥ ഉദ്ധരിക്കുമ്പോൾ ഈ പേര് പറഞ്ഞു കേൾക്കാറുണ്ട്... അപ്പന്റെ സ്വത്ത് നാനാവിധം ആക്കി കളഞ്ഞ മുടിയൻ പുത്രന്റെ മടങ്ങി വരവും, അപ്പന്റെ കാത്തിരിപ്പും എല്ലാം നമ്മൾ പലതവണ കേട്ടിട്ടുള്ളതും വായിച്ചിട്ടുള്ളതും ആയ ചിന്തകൾക്ക് ആണ്.....

എന്നാൽ അധികം ആരും ചൂണ്ടികാട്ടാത്ത ഒരു വ്യക്തി കൂടി ഈ കഥയിൽ ഉണ്ട് അയാൾ ആണ് മുടിയൻ പുത്രന്റെ മൂത്ത സഹോദരൻ. അതെ അപ്പനെ പ്രസാദിപ്പിക്കാൻ വേണ്ടി മാടിനെ പോലെ എന്നും പണി എടുത്തു, വയലിലെ അധ്വാനം ആണ് ഏറ്റവും വലിയത് എന്നു വിശ്വസിച്ചിരുന്ന ആ മനുഷ്യന്റെ തന്നെ... ലൂക്കോസിന്റെ സുവിശേഷം 15ന്റെ 28 ആം വാക്യത്തിൽ പറയുന്നു. " അപ്പോൾ അവൻ കോപിച്ചു അകത്തു കടപ്പാൻ മനസ് ഇല്ലാതെ നിന്നു."

താൻ ഇതുവരെ ആയിരുന്ന ആ വീടിന്റെ അകത്തേ ക്കു കടക്കാൻ മനസ്സിലാത്ത ദേഷ്യത്തോടെ പുറത്തു നിൽ ക്കാൻ ആ മനുഷ്യന് ഉണ്ടായ സാഹചര്യം, ഒന്നു താൻ വയലിൽ നിന്നും വേല കഴിഞ്ഞു മടങ്ങി വരുമ്പോൾ വീട്ടിലെ വാ ദ്യവും നൃത്ത ആഘോഷവും സന്തോഷവും കാണുന്നു. അ തിന്റെ കാരണം അനിയൻ മട ങ്ങി വന്നതിനാൽ ആണെന്ന് അറിയുന്നു...രണ്ടു തനിക്കു തരാതെ അപ്പൻ കാളക്കൂട്ടിയെ അനിയന് വേണ്ടി അറത്തു. ഈ രണ്ടു സാഹചര്യങ്ങൾ തന്നെ അകത്തേക്കു കടക്കാൻ മനസില്ലാത്തവൻ ആക്കുന്നു.

രണ്ടു തിരിച്ചറിവുകൾ ആണ് ആ മനുഷ്യന് ഇല്ലാതെ പോയത്..

താൻ ഇതുവരെ ആയിരുന്ന അപ്പന്റെ ഭവനത്തിൽ എപ്പോഴും അപ്പന്റെ കൂടെ ഇരുന്നിട്ടും സ്വാതന്ത്രമായി സന്തോഷിക്കാൻ കഴിയാതെ, പൂർണമായി അപ്പനെ പ്രസാദിപ്പിക്കുവാനുള്ള പ്രമാണങ്ങളിൽ അധിഷ്ഠിതമായി ജീവിച്ചു. അപ്പൻ എന്ത് തോന്നും അല്ലെങ്കിൽ ഞാൻ ഒരു പരിധിവിട്ട് സന്തോഷിച്ചാൽ അത് അപ്പന്റെ പ്രമാണം ലംഘനം ആവുമോ എന്ന് ഭയന്ന് ആ വീട്ടിലെ തന്റെ സ്ഥാനം എന്താണ് അറിയാതെ, അപ്പന്റെ മകൻ ആണെന്നുള്ള അവകാശവും സന്തോഷവും അനുഭവിക്കാതെ ആ വീട്ടിലെ ദാസനെ പോലെ ജീവിക്കാൻ ശ്രേമിച്ച മൂത്ത മകൻ...

രണ്ടാമത് തനിക്കു തരാതെ അനിയന് വേണ്ടി അപ്പൻ അറത്ത കാളകുട്ടി....ഒരു ചോദ്യം ഇവിടെ ചോദിക്കട്ടെ... സഹോദരാ, ഇതിനു മുന്നേ താൻ ഒരിക്കൽ എങ്കിലും ആ അപ്പനോട് ഒരു കാളക്കുട്ടിയെ വേണം എന്ന് ആവിശ്യപെട്ടായിരുന്നോ? ഇങ്ങനെ ചോദിച്ചാൽ അപ്പൻ കോപിക്കും എന്ന് നിങ്ങളെ ആരാണ് ഉപദേശിച്ചത്? അപ്പൻ ഉള്ളത് നിങ്ങൾക്കും ഉള്ളത് ആണെന്ന് നിങ്ങൾ എന്താണ് തിരിച്ചറിയാതെ പോയത്? അനിയന്റെ മടങ്ങി വരവിൽ സന്തോഷിക്കാൻ കഴിയാതെ പോകുന്ന നിങ്ങളുടെ മനസ് ഏതു പ്രമാണത്തിൽ ആണ് തെറ്റി നില്ക്കുന്നത്....?

ആ വീട്ടിൽ അപ്പൻ മൂലം ലഭിക്കുന്ന സ്വാതന്ത്ര്യവും സന്തോഷവും കണ്ടെത്താൻ ക ഴിയാതെ നിങ്ങൾ പഠിച്ച പ്രമാണങ്ങൾ മാത്രം ആണ് ശെരി എ ന്നും നിങ്ങളുടെ ചിന്തകൾ മാത്രം ആണ് ശെരി എന്നും വാദിക്കാതെ ഒരിക്കൽ എങ്കിലും അപ്പന്റെ മനസ് അറിയാൻ ശ്രമിച്ചട്ടുണ്ടോ? അങ്ങനെ ചെയ്തിരുന്നെങ്കിൽ അനിയന്റെ മടങ്ങി വരവിൽ അപ്പനോളം സന്തോഷിക്കുന്ന ഒരു വ്യക്തി ആയി നിങ്ങൾ മാറിയേനെ...

ലോകത്തിന്റെ രക്ഷിതാവായ യേശു ക്രിസ്തുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഈ ക്രിസ്മസ് വാരത്തിൽ ക്രിസ്തുവിലൂടെ നമുക്കു ലഭിച്ച സന്തോഷവും സ്വാതന്ത്ര്യവും തിരിച്ചറിയാൻ സാധിക്കട്ടെ ......യേശു കർത്താവു നമുക്കു ആരാണെന്നു വ്യക്തി പരമായി തിരിച്ചു അറിയാതെ, അപ്പനോടുള്ള എന്റെ തോന്നലുകളും ചിന്തകളും മാത്രം ആണ് ശെരി എന്നു വാശി പിടിച്ചു അവനിലൂടെ നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തെ, പാട്ടുകളായും നൃത്തങ്ങളായും കൂട്ടായ്മകളായും ഓരോ മനുഷ്യർ ആഘോഷിക്കുമ്പോൾ മാറി നിന്നു കോപിക്കുമ്പോഴും കുറ്റം വിധിക്കുമ്പോൾ ഓർക്കുക നാം മുടിയൻ പുത്രന്റെ ജേഷ്ഠനോ...?

"സ്വാതന്ത്ര്യത്തിനായി ട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്."

**- Jez Issac**

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റേഴ്സ്)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ.വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

## തലക്കുറി

# പുതുവർഷം

**ബ്രദർ സി.വി. വടവന**



സംഭവബഹുലമായ ഒരു വർഷം കൂടി നാം പിന്നിടുകയാണ്. വരും ദിനങ്ങൾ എങ്ങനെയെന്നു നിശ്ചയമില്ലാത്ത ഒരു നവവത്സരം. സാമ്രാജ്യങ്ങളും, സിംഹാസനങ്ങളും, രാജത്വങ്ങളും സന്ദേശം കല്പിക്കുന്ന കാലഘട്ടത്തിൽ ഇതാ കാഹളധ്വനിയുടെ സമയമടുത്തിരിക്കുന്നു. ഭക്തന്മാരുടെ പ്രത്യാശയെ പുളകം കൊള്ളിക്കുന്ന ക്രിസ്തുനാഥന്റെ ആഗമനം ഇതാ ആസന്നമായിരിക്കുന്നു. ലോകസംഭവങ്ങൾ വിളിച്ചുകൂവുന്ന അട്ടഹാസം നമ്മുടെ ശ്രവണപുടങ്ങൾക്ക് പീയുഷധോരണിയായി തീർന്നേ മതിയാകൂ. മന്ദത ബാധിച്ച് ഉറക്കം തുടങ്ങിയ ഭക്തന്മാർക്ക് താക്കീതിന്റെ സ്വരം 2015-ൽ കേൾക്കേണ്ടി വരുമോ? 'കണ്ടാലും ഞാൻ വേഗം വരുന്നു' എന്ന ധ്വനിക്ക് പ്രസക്തി വർദ്ധിച്ചിരിക്കുന്നു. കല്ലും, ഇരുമ്പും, താമ്രവും നിഷ്പ്രഭമാക്കുന്ന പാദസ്പർശം ഇതാ അരികത്തായിരിക്കുന്നു. കാഹളം നീട്ടിയൂതാൻ ആജ്ഞകൊടുത്തു കഴിഞ്ഞിരിക്കുന്നു. "ആമേൻ കർത്താവേ വേഗം വരേണേമേ!' എന്ന പ്രതിദ്ധ്വനി മുഴക്കുന്ന വർഷമായി 2015 - നമുക്ക് ഭവിക്കട്ടെ.

ഈ പുതുവർഷത്തിൽ വളരെ സൂക്ഷമതയോടെ നമ്മുടെ ചുവട്ടടികൾ വയ്ക്കാൻ സർവ്വേശ്വരൻ കൃപ നല്കട്ടെ! കഴിഞ്ഞ വർഷത്തേക്കാൾ ഇരട്ടി ദൈവകൃപയുണ്ടെങ്കിലേ നമുക്ക് ഈ വർഷം ജീവിക്കാനാവൂ. നിർബന്ധിത മതംമാറ്റത്തിനു പ്രേരിപ്പിക്കുന്ന ശക്തികൾ നമ്മുടെ സ്വന്തം ഭാരതത്തിൽ വർദ്ധിച്ചു വരുന്നു. നാം സുരക്ഷിതമെന്നു കരുതിയ കേരളത്തിൽപോലും ക്രിസ്തുനാഥന്റെ സഭയ്ക്ക് വെല്ലുവിളികൾ ഉയരുന്നു. സമൃദ്ധിയുടെ മടിത്തട്ടിലാണെങ്കിലും ഉറക്കം കെടുത്തുന്ന ജീവിതഭാരത്താൽ ക്ലേശിക്കുന്ന നമ്മെ സടകുടഞ്ഞെഴുന്നേല്പിക്കുന്ന ഒരു വർഷമാണിത്. 'ശീതവാനുമല്ല ഉഷ്ണവാനുമല്ല' എന്ന സ്ഥിതിയിൽ നിന്നും നമ്മെ വളരെ ഉഷ്ണവാനാക്കാനുള്ള ചെയ്തികൾ ശത്രു കരുപ്പിച്ചുകൊണ്ടിരിക്കുന്നു. നിനക്കു കിട്ടിയ 'താലന്തിനു' മുകളിൽ മേൽക്കൂര തീർത്ത് ഉറക്കത്തിനൊരുങ്ങുന്ന വിശ്വാസിയേ-നിനക്കിത് ഗൗരവമുള്ള വിനാഴികയാണ്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടതില്ല. വളരെ ഭയത്തോടും വിനയത്തോടും നമുക്ക് പുതുവർഷത്തിൽ കർമ്മരംഗത്തിറങ്ങാം.

'എന്റെ ശത്രുക്കൾ കാൺകെ നീ എനിക്ക് വിരുന്നൊരുക്കുന്നു' (സങ്കീ. 23:5) എന്ന ബോധ്യം സിദ്ധിക്കാൻ നമുക്കു കഴിയണം. പുതുവർഷത്തിൽ. പ്രതികൂലങ്ങൾ നിരവധിയാണെങ്കിലും 'വിരുന്നു' സുനിശ്ചിതമാണെന്ന കാര്യം നാം മറന്നു പോകരുത്. ശത്രു നിന്നെ പരാജയപ്പെടുത്താൻ കെണി തീർക്കുമ്പോൾ നിന്നെ താങ്ങുന്ന ഒരുവൻ അത് ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യം വിസ്മരിച്ചു പോകരുത്. സ്നേഹക്കയ്യിൽ താങ്ങുക. മാത്രമല്ല വീട്ടിലെത്തും വരെ തോളിലേറ്റും എന്ന യാഥാർത്ഥ്യം നമുക്കു മുമ്പോട്ടു പോകാൻ ആത്മ ധൈര്യം നല്കുന്നു. ജീവിത നൗകയുടെ ചുക്കാൻ അവിടുത്തെ കയ്യിൽ ഏല്പിക്കാൻ നാം മറന്നുപോകരുത്. 'നിന്നെ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല' എന്ന ഇമ്പസ്വരം നമ്മുടെ ജീവിതത്തിന് കുളിർമ്മ നല്കട്ടെ' ഒപ്പം തോളിലിരുന്നുകൊണ്ട് ചെവി കരളുന്ന 'ഭക്തന്മാരായി' തീരാതിരിക്കാനും ദൈവം ഈ പുതുവർഷത്തിൽ നമുക്കു കൃപ നല്കട്ടെ! ജീവവചനം വായനക്കാർക്കും, അഭ്യുദയകാംക്ഷികൾക്കും സഹപ്രവർത്തകർക്കും പത്രാധിപസമിതിയുടെ പുതുവർഷ ആശംസകൾ. ഈ പുതുവർഷത്തിലും ജീവന്റെ വചനം വിതയ്ക്കാൻ മാസികയെ കെല്പ്പുള്ളതാക്കി നിർത്താനുള്ള ദൈവകൃപ ലഭിക്കേണ്ടതിനായി എല്ലാവരും പ്രാർത്ഥിക്കണമേ!

**ചീഫ് എഡിറ്റർ**

# വിജയികൾ

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ

**ലേഖനം**
**ഐസക് സാമുവേൽ**



ക്രിസ്തപവിനെ അനുഗമിക്കുന്നവനെങ്കിൽ നിങ്ങൾക്ക് കഷ്ടത്തിലും സന്തോഷിക്കുവാൻ കഴിയും. കുറ്റങ്ങൾ നിങ്ങളെ പരീക്ഷണങ്ങളുടെയും ക്ലേശങ്ങളുടെയും ക്ലാസ് മുറിയിലേക്ക് എത്തിച്ച് പക്വതയിൽ വളരുവാനും ദൈവസ്നേഹത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും അവസരമാകും.

കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല. ദൈവത്തിന്റെ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ റോമർ 5:3-5.

എന്റെ സഹോദരന്മാരെ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിനും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ യാക്കോബ് 1:2-4.

**യേശു സ്വർഗ്ഗീയ വെളിച്ചം (യോഹന്നാൻ 1:1-13)**

യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ ആലങ്കാരിക ഭാഷയിൽ നമ്മുടെ കർത്താവിന്റെ മഹത്വം വെളിപ്പെടുത്തുന്നത് കാണാം. യോഹന്നാൻ ഇവിടെ കർത്താവിനെ പ്രദർശിപ്പിക്കുന്നത് വചനവും ജീവനും പ്രകാശവുമായിട്ടാണ്. ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച് പറയുമ്പോൾ താൻ അവിടുന്ന് ദൈവത്തിന്റെ ആശയവിനിമയമായതുകൊണ്ട് വചനമാണ്. സകലത്തിനും ജീവൻ കൊടുക്കുന്ന നിത്യജീവനാകയാൽ യേശു ജീവനാണ്. ആത്മീകമായ സകലസത്യങ്ങളെയും പ്രശോഭിപ്പിക്കുന്നതുകൊണ്ട് അവിടുന്ന് വെളിച്ചമാണ്.

നാലാം വാക്യത്തിൽ അവൻ വെളിച്ചമാണെന്ന് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. തുടർന്നുള്ള വാക്യങ്ങളിൽ അവനെ അഞ്ചു തവണ പ്രകാശം എന്നു വിളിച്ചിരിക്കുന്നു.

യോഹന്നാൻ വെളിച്ചമായിരുന്നില്ല എന്ന് എട്ടാം വാക്യം പറയുന്നു. ചിലർ ഇവിടെ ചില പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നു. അത് ഇവിടെ വെളിവാക്കേണ്ട വളരെ പ്രധാനപ്പെട്ട വിഷയമാണ്. അതിനാൽ അത് നിങ്ങൾക്കുവേണ്ടി ചൂണ്ടിക്കാണിക്കുന്നു. യോഹന്നാൻ 5:35 ൽ യോഹന്നാൻ സ്നാപകനെക്കുറിച്ച് യോഹന്നാൻ അപ്പോസ്തലൻ ഒരു അഭിപ്രായം പറഞ്ഞിരിക്കുന്നു. അത് ഇപ്രകാരമാണ്.

"അവൻ ജ്വലിച്ച് പ്രകാശിക്കുന്ന വിളക്കായിരുന്നു. നിങ്ങൾ അല്പസമയത്തേക്ക് അവന്റെ വെളിച്ചത്തിൽ ഉല്ലസിപ്പാൻ ഇച്ഛിച്ചു". ഒരു നിമിഷം ശ്രദ്ധിക്കു, യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള യോഹന്നാൻ സ്നാപകൻ വെളിച്ചമല്ല എന്ന്. യോഹന്നാൻ സ്നാപകൻ തന്നെയും പറഞ്ഞു. ഞാൻ വെളിച്ചമല്ല എന്ന്. ഞാൻ ക്രിസ്തുവല്ലെന്നും യോഹന്നാൻ സ്നാപകൻ പറഞ്ഞു അതിനു ഞാനും സാക്ഷ്യം പറയുന്നു.

ഇവിടുത്തെ വിഷയം എന്താണ്? 5:35-ൽ പറഞ്ഞിരിക്കുന്ന വിളക്ക് എന്നാൽ അതിന്റെ അർത്ഥം എടുത്തുകൊണ്ടുനടക്കുന്ന ഒരു കൈവിളക്ക് എന്നാണ്. യോഹന്നാൻ അത്തരത്തിലുള്ള ഒരു വെളിച്ചമായിരുന്നു. അവൻ രൂപപ്പെട്ട ഒരു വെളിച്ചമായിരുന്നു. എന്നാൽ 1:18 ൽ യേശു വെളിച്ചമാണ് എന്ന് പറയുന്നയിടത്ത് അത് സ്ഥായിയായ വെളിച്ചമാണ്. അത് നമുക്ക് പ്രകാശസംശ്ലേഷണം നല്കുന്ന വെളിച്ചമാണ്.

യോഹന്നാൻ ഒരു വിളക്കും യേശുക്രിസ്തു കലർപ്പില്ലാത്ത അടിസ്ഥാന വെളിച്ചവുമാണ് സൂര്യനും ചന്ദ്രനും പോലെ. അതേസമയം അവനിൽ നിന്നും പ്രകാശം സ്വീകരിച്ച് ലോകത്തിനു പ്രതിഫലിപ്പിക്കുന്ന വെളിച്ചങ്ങളാണ് നമ്മൾ. അതിനാൽ നമ്മുടെ പ്രകാശം മറച്ചുവെയ്ക്കരുത്. എല്ലാ യഥാർത്ഥശുശ്രൂഷകരും ദൈവത്തിൽ നിന്നും അയയ്ക്കപ്പെട്ടിരിക്കുന്നത് അന്ധകാരത്തെ പുറത്താക്കുന്ന യഥാർത്ഥ വെളിച്ചമായ യേശുക്രിസ്തുവിനെ സാക്ഷിക്കുവാനാണ്. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് സത്യവും കൃത്യവും പൂർണ്ണവുമായ സാക്ഷ്യം നാം നല്കുമ്പോൾ വിശ്വസ്തരും ആത്മാർത്ഥതയുള്ളവരുമാകും. അതുകൊണ്ട് നിങ്ങൾ കൃപയുടെ മന്ദിരത്തിലേക്കു വരുന്നതുവരെ ക്രിസതുവിനെ സകലത്തിന്റെയും പ്രമേയമാക്കണം.

# ഡോ. സി. വി. വടവന മണിപ്പൂർ സന്ദർശിച്ചപ്പോൾ

























# പ്രത്യാശ തീരത്ത്

### സിസ്റ്റർ ഷീബ എബ്രഹാം



**പുനലൂർ**: ചെമ്മന്തൂർ ക്രിസ്ത്യൻ ബ്രദറൺ സഭാംഗമായ ബ്രദർ എബ്രഹാം മാത്യുവിന്റെ ഭാര്യ സിസ്റ്റർ ഷീബ എബ്രഹാം (ബേബി-49) ഡിസംബർ 8 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ശുശ്രൂഷ ഡിസംബർ 11 ന് ചെമ്മന്തൂർ ക്രിസ്ത്യൻ ബ്രദറൺ പള്ളി സെമിത്തേരിയിൽ നടത്തി.

**മക്കൾ:**ബ്രദർ ജെറി മാത്യു എബ്രഹാം.


### സിസ്റ്റർ കുഞ്ഞമ്മ ബേബി



**എളന്തൂർ:** ബ്രദർ വി തോമസ് ബേബിയുടെ ഭാര്യ സിസ്റ്റർ കുഞ്ഞമ്മ ബേബി (87) ഹൃദയസ്തംഭനത്തെത്തുടർന്ന് ഡിസംബർ 6 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം ഛത്തീസ്ഗഡിലെ ഭിലായിൽ ഡിസംബർ 14 ന് നടത്തി.

**മക്കൾ:** ബ്രദർ അജി വി ബേബി, സിസ്റ്റർ ജൂഡി മോഹൻ, ഇവ. സാമുവൽ ബി. തോമസ്, ബ്രദർ ബേബി മാത്യു.

### ബ്രദർ എ. വി. ജോർജ്



**തിരുവനന്തപുരം:** പട്ടം ബ്രദറൺ അസംബ്ലി അംഗം ബ്രദർ എ. വി. ജോർജ് ഡിസംബർ 7ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി.

**ഭാര്യ:** സിസ്റ്റർ പൊന്നമ്മ സാമുവൽ

**മക്കൾ:** ബ്രദർ കെ. സി. ജോൺസൺ, ബദർ ജോർജ് വർഗീസ്, ബ്രദർ സാം ജോർജ്, സിസ്റ്റർ മന്ന ജോർജ്.

### ബ്രദർ എം. ജെ. ഫിലിപ്പ്



**രാജാക്കാട്:** രാജാക്കാട് ബ്രദറൺ സഭയിലെ ബ്രദർ എം. ജെ. ഫിലിപ്പ് (65) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ ഡിസംബർ 17 ന് രാജാക്കാട് ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തി.

**ഭാര്യ:**സിസ്റ്റർ ലീലാമ്മ ഫിലിപ്പ്


**മക്കൾ:** സിസ്റ്റർ ലിഫിമോൾ, (പരേതയായ ബ്രദർ ഫിലിപ്പ്), സിസ്റ്റർ ലിജിമോൾ ഫിലിപ്പ്, സിസ്റ്റർ ലിൻസി ഫിലിപ്പ്, ബ്രദർ സന്തോഷ് പി ലൂക്കോസ്, ബ്രദർ വിജു.


### സിസ്റ്റർ സിമി ജോണി




**കർണാടക:** കല്ലുഗുണ്ടിയിലെ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗം ബ്രദർ കെ പി ജോണിന്റെ ഭാര്യ സിസ്റ്റർ സിമി ജോണി (40) ഡിസംബർ 18 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ 19ന് നെല്ലിക്കുമേരിയെ പൊതുസ്മശാനത്തിൽ സംസ്കരിച്ചു.

**മക്കൾ:** സിസ്റ്റർ കെ ജോൺ, സിസ്റ്റർ അലീന കെ ജോൺ, പരേതയായ ജെമീമ കെ ജോൺ.






# പ്രാർത്ഥന – സഹായം

## മക്കളുടെ കാൽവയ്പുകൾ ജാഗ്രതയോടെയോ?



എൽസി തോമസ്

**വി**ശുദ്ധ വേദപുസ്തകത്തിൽ ഉൽപത്തി 34-ാം അദ്ധ്യായം 1 മുതൽ 3 വരെയുള്ള ഭാഗങ്ങളിൽ ഇങ്ങനെ വായിക്കുന്നു. യാക്കോബിന് ലേയയിൽ ജനിച്ച മകളായ ദീന ആ ദേശത്തെ കന്യകമാരെ കാണ്മാൻ പോയി. എന്നാറെ ഹിവ്യനായ ഹമോരിന്റെ മകനായ ദേശത്തിന്റെ പ്രഭുവായ ശെഖേം അവളെ കണ്ടിട്ട് പിടിച്ചു കൊണ്ടുപോയി അവളോടു കൂടെ ശയിച്ച് അവൾക്ക് പോരായ്ക വരുത്തി.

മുകളിൽ ഉദ്ധരിച്ച വേദഭാഗങ്ങളിൽ സംക്ഷിപ്തമായിരിക്കുന്നതിന്റെ സാരാംശം, ഒരു ബാല നിമിത്തം ദേശത്തുണ്ടായ ബാഷ്പോല്പാദകമായ അവസ്ഥ. ഇവിടെ എടുത്തു പറയേണ്ട പ്രധാന കാര്യം യാക്കോബിന്റെ ഒരേ ഒരു മകളാണ് ദീനാ. പന്ത്രണ്ട് സഹോദരന്മാരുടെ ഒരേ ഒരു കുഞ്ഞനുജത്തി. ദേശത്തിലെ കന്യകമാരുമായുള്ള ചങ്ങാത്തം ഒരു പക്ഷേ പിതാവിനും സഹോദരങ്ങൾക്കും അഭിമാനമായി തോന്നിയേക്കാം. അതിനാലായിരിക്കാം ദേശത്തേക്ക് ഇറങ്ങാൻ മൗനാനുവാദം നല്കിയതും.

ബാലയായ ദീനയ്ക്ക് ദേശത്തിലെ വൈതരണികളെക്കുറിച്ച് അറിവ് ഇല്ലായിരുന്നുവെന്നു ഈ ഭാഗങ്ങളിലൂടെ മനസ്സിലാക്കാം. ഇവിടെ സംഭവിച്ചത് ദേശത്തിലെ പ്രഭുവായ ശെഖേം ബാലയായ ദീനയെകണ്ട് ചിത്താകർഷനായി അവളെ പിടിച്ചു കൊണ്ടുപോയി വിവേകരഹിതമായ പ്രവർത്തനങ്ങളാൽ വഷളത്വം പ്രവർത്തിച്ചു. പെൺകുട്ടികൾ പോകരുതാത്തയിടങ്ങളിൽ പോയാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളാണ് ഈ സംഭവത്തിലൂടെ വ്യക്തമാക്കുന്നത്. വിവേകമില്ലാത്ത ദീന മുഖാന്തരമുണ്ടായ വിപത്തുകളുടെ തുടർകഥയിങ്ങനെ:- ദേശത്ത് കൂട്ടക്കൊല നടന്നു. സാഹസത്തിന്റെ വാളുകൾ ലേവിയും ശിമയോനും കൈകളിലെടുത്തു, ദൈവത്തിന്റെ വിശുദ്ധ നിയമത്തെ വഞ്ചനാപരമായി ഉപയോഗിച്ചു; "പരിച്ഛേദന എന്ന നിയമം യാക്കോബിന്റെ മക്കളുടെ സ്വന്തഹിത പ്രകാരം കാര്യനേട്ടത്തിനായി ഉപയോഗിച്ചു". വിശുദ്ധ നിയമത്തിന്റെ മറവിൽ അവർ ശെഖേമ്യരെ വഞ്ചിച്ചു നശിപ്പിച്ചു; ദേശനിവാസികളുടെ മദ്ധ്യേ അവർ നിന്ദാപാത്രങ്ങളായി. പ്രതികാരത്തിന്റെ വഞ്ചനയുടെയും മുഖം മൂടിയണിഞ്ഞു. ദീനാ മുഖാന്തരം ദേശം വിട്ടു പോകേണ്ടി വന്നു. ദീനായുടെ ഭാവി അനിശ്ചിതത്തിലാകാനുമിടയുണ്ട്.

പ്രിയമുള്ളവരേ, ദീനാ മുഖാന്തരമുണ്ടായ വിപത്തിന്റെ തുടർക്കഥ ഇന്നും തുടർമാനമായി സമൂഹത്തിൽ അലയടിച്ചു കൊണ്ടിരിക്കുകയാണല്ലോ? കുഞ്ഞുങ്ങളുടെ പരിജ്ഞാനമില്ലാത്ത കാൽവയ്പുകൾ ഇന്ന് അനേക കുടുംബങ്ങൾ തകർത്തുകളയുന്നു. ക്രൈസ്തവഗോളങ്ങളിലും ഇന്ന് ഈ പ്രവണത ഏറിവരുന്നതായി കാണാം.


പ്രിയമുള്ളവരേ, പ്രായോഗിക പരിജ്ഞാനമില്ലാത്ത നമ്മുടെ കുഞ്ഞുങ്ങൾ ഭവനത്തിനപ്പുറത്തുള്ള ലോകത്തിന്റെ മ്ലേച്ഛമുഖം കണ്ടവരല്ല. ഭവനത്തിലെ ആത്മിയാന്തരീക്ഷത്തിൽ വളർന്നു വന്ന അവർ ലോകത്തിലേക്ക് ഇറങ്ങുമ്പോൾ വിവിധ തരത്തിലുള്ള പരീക്ഷണ ഘട്ടത്തിലൂടെ കടന്നു പോകേണ്ടതായിവരുമ്പോൾ ശെഖേമിനെപ്പോലുള്ള എത്രയോ ചെന്നായ്ക്കൾ കുഞ്ഞുങ്ങളെ കടിച്ചു കീറുവാൻ വെമ്പൽ കൊണ്ടിരിക്കുകയാണെന്നുള്ള യാഥാർത്ഥ്യം മാതാപിതാക്കൾ വിസ്മരിക്കരുത്.

ഇന്നത്തെ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും നിയന്ത്രണവിധേയമല്ലാത്ത അസാന്മാർഗ്ഗിക ജീവിതവും സമൂഹത്തിന് വിപത്തായി കൂടെയുള്ളപ്പോൾ നമ്മുടെ കുഞ്ഞുങ്ങളുടെ കാൽവയ്പുകൾ ജാഗ്രതയോടെ നാം കാണേണ്ടിയിരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ്. അവർ ലോകമയത്വത്തിലേക്ക് വഴുതിപ്പോകാതിരിക്കണമെങ്കിൽ കെടാത്ത ദീപമായ ദൈവവചനങ്ങൾ അവരുടെ ഹൃദയങ്ങളിൽ പകർന്നു നല്കി ബലമുള്ളവരാക്കാം.

ദൈവത്തിന്റെ വചനം അവരുടെ കാലുകൾക്ക് ദീപവും പാതയ്ക്കു പ്രാകശവുമായിരുന്നാൽ അവരെ ഒരു ദുഷ്ടനും തൊടുകയില്ല. 91-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ അത്യുന്നതന്റെ മറവിൽ വസിക്കുന്നവരായും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുന്നവരായും ഒരുക്കി അവരെ അയയ്ക്കേണ്ടിടത്തേക്ക് അയയ്ക്കാം.

അശുദ്ധിയിലേക്ക് നടത്തുന്ന പാപപ്രവണതയെപ്പറ്റി തിരുവെഴുത്തിൽ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു. ദുർമോഹങ്ങൾ: കൺമോഹം മത്താ: 5:28, സദൃശ. 6:25-സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തുപോയി. രാഗമോഹങ്ങൾ ദുഷിച്ചവ റോമർ 1:26, 27 ൽ അപമാനകരമായ വികാരങ്ങൾക്ക് ഏല്പിച്ചു കൊടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ജഡ സ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ലെന്ന് റോമർ 8:8 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭക്തനായ ഇയ്യോബ് ഇങ്ങനെ രേഖപ്പെടുത്തി യിരിക്കുന്നു ഇയ്യോബ് 31:1 ഞാൻ എന്റെ കണ്ണുമായി ഒരു പ്രിയപ്പെട്ടവരേ, തിരുവചന സത്യങ്ങൾ നിറവേറികൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ തലമുറകളെ ദൈവഹിത പ്രകാരം നടത്തുവാൻ നല്ല നിർദ്ദേശങ്ങളും അതോടൊപ്പം നമ്മൾ അവരോടു കൂടെയുണ്ടെന്നുള്ള അവബോധവും കൊടുക്കാം. ഏതു പ്രതിസന്ധിഘട്ടങ്ങളിലും അവർ ക്കു താങ്ങും തണലുമായി അവ രോടു ചേർന്നു നില്ക്കാം.

(തുടരും)........




## പ്രാർത്ഥന അഭ്യർത്ഥന

**കാസർകോട് :** കർത്തൃസന്നിധിയിൽ വിശ്രമിക്കുന്ന സുവി. കെ വി ജോണിന്റെയും ചെമ്പ്രകാനം സഭാ അംഗമായ സിസ്റ്റർ ഷൈനി പി സിയുടെ രണ്ടാമത്തെ മകളായ ഫേബയുടെ വിവാഹനിശ്ചയം 2025 ജനുവരി 15 ന് നടത്താൻ തീരുമാനിച്ചിരിക്കുന്നു. സിസ്റ്റർ ഷൈനിയും ഇളയമകളും വാടകയ്ക്കാണ് താമിസിക്കുന്നത്. ഇളയ മകൾ ഫേബായ്ക്ക് കോഴിക്കോട് ജില്ലയിലെ ബ്രദറൺ സഭയിൽ നിന്നും ഒരു വിവാഹാലോചന വരികയും ഇരുകുടുംബവും സഭാപ്രതിനിധികളും ചേർന്ന് ഉറപ്പിക്കുകയും ചെയ്തു. വിവാഹത്തിനും വിവാഹ കാര്യങ്ങളുടെ ക്രമീകരണത്തിനും ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയും സഹകരണവും അത്യന്താപേക്ഷിതമായിക്കുന്നു. ആയതിനാൽ ഈ കുടുംബ ത്തെ ഓർത്ത് പ്രാർത്ഥിക്കുകുയം വിവാഹം മംഗളകരമായി നടക്കുവാനും സാമ്പത്തികമായി സഹായിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. കുടുംബത്തിന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

Bro : Binoy P.A. - 7902241774
Evg : V.K. Babu - 9947704554
Bro:K.R.Mathew- 9745423417
Bank Details:
Shainey P.C.
A/CNo:40427101008735
Kerala Gramin Bank
IFSC:KLGB0040490
Payyanur Branch


താങ്കൾ ഒരു കൃതി എഴുതിവച്ചിട്ടുണ്ടോ?
എഴുതുവാൻ താത്പര്യമുണ്ടോ?
സഹായിക്കാൻ ഞങ്ങൾ ഉള്ളപ്പോൾ എന്തിനു വിഷമിക്കുന്നു.
ഉടൻ ബന്ധപ്പെടുക.
സത്യം പബ്ലിക്കേഷൻസ് Mob: 9447126182

## സന്തോഷകരമായ ക്രിസ്മസ്

**മ**നോഹരമായ ഒരു ക്രിസ്തുമസ് കാലം കൂടെ ആഗതമായിരിക്കുന്നുവല്ലോ. ലോക ജനത ഇത്ര അധികം സന്തോഷത്തോടെ ആഘോഷിക്കുന്ന മറ്റൊരു ജനന പെരുന്നാൾ ഇതുവരെ ചരിത്രം കണ്ടിട്ടില്ല. ലോകത്തിന്റെ അന്ധകാരശക്തിയെ കീഴ്മേൽ മറിച്ച അതായത് വെളിച്ചത്തിലേക്ക് നയിച്ച മറ്റൊരു ജനനവും കണ്ടിട്ടില്ല. ലോകപ്രകാരം നോക്കുമ്പോൾ യാതൊരു മഹിമകളും അവകാശപ്പെടാൻ ഇല്ലാത്ത ഒരു സ്ത്രീയെ ലോകം ഇന്നും അനുസ്മരിക്കുന്ന തരത്തിലേക്ക് ഉയർത്തുന്നതാണ് ഈ ക്രിസ്മസ്. ക്രിസ്തുവിന്റെ വാഹകരാകാൻ വിളിക്കപ്പെടുന്ന ഓരോരുത്തർക്കും ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളും സധൈര്യം അവയെ നേരിടുമ്പോൾ ലഭിക്കുന്ന സ്വർഗീയ ആനന്ദവും ആണ് ക്രിസ്മസ്സിന്റെ സാക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമേ കർത്താവിന്റെ അറിയിപ്പ് കേൾക്കാൻ സാധിക്കുകയുള്ളു. ലോകത്തിനു കൊടുക്കുന്ന ഏറ്റവും മഹത്തായൊരു സന്ദേശം, പ്രത്യേകിച്ച് വേദഭാഗങ്ങൾ വായിക്കുമ്പോൾ "യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ?" എന്നുള്ളതാണ്. ഈ വെല്ലുവിളി ഈ ആഗമനകാലത്ത് നമുക്ക് നമ്മുടെ ജീവിതങ്ങളിൽ ഏറ്റെടുക്കാൻ സാധിക്കുമോ? നമ്മുടെ പൂർവ്വ-പിതാക്കന്മാരുടെ, വിശ്വാസത്തിന്റെ, ആരാധനയുടെ, സാക്ഷ്യത്തിന്റെ ഒക്കെ അടിസ്ഥാനം ഈ വിശ്വാസപ്രമാണ് ആയിരുന്നു. ഇത് കേവലം ആചാരം അല്ല. ദൈവിക വരവിന്റെ മുന്നൊരുക്കം ആണ് അതുകൊണ്ട് നമുക്ക് നമ്മുടെ ഹൃദയങ്ങളെ സ്വയം പുൽക്കൂടാക്കാം. അതും ഈ കപടലോകത്തിലെ ഏറ്റം ദീപ്തമായ പുൽക്കൂടാകാം.

എല്ലാവർക്കും ഏറ്റം മനോഹരമായ ക്രിസ്മസ്സ്-പുതുവത്സരാശംസകൾ നേരുന്നു.

# കെ. എ. ഫിലിപ്പിന് ക്രൈസ്തവ സാഹിത്യ അക്കാദമി അവാർഡ്



**മൈലപ്ര:** മൈലപ്ര സ്വദേശിയും പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റ് എമിരിറ്റസുമായ ബ്രദർ കെ. എ. ഫിലിപ്പിന് ക്രൈസ്തവ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ഈ വർഷത്തെ സമഗ്ര സംഭാവനക്കുള്ള വില്യംകേറി അവാർഡിന് ബ്രദർ. കെ. എ. ഫിലിപ്പും, കെ. വി. സൈമൺ സാഹിത്യ അവാർഡിന് പാസ്റ്റർ മനു ഫിലിപ്പും, വി. നാഗൽ കീർത്തന അവാർഡിന് പാസ്റ്റർ മത്തായി സാംകുട്ടിയും തിരഞ്ഞെടുക്കപ്പെട്ടു.

പത്തനംതിട്ട മൈലപ്ര സ്വദേശിയായ കെ. എ. ഫിലിപ്പ് ആറര പതിറ്റാണ്ടായി വേദ അദ്ധ്യാപകൻ, നിരൂപകൻ, ചരിത്രകാരൻ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു. എട്ട് ഗ്രന്ഥങ്ങളുടെ രചയിതാവാണ്. “മഹാനായ പൗലൊസ്” എന്ന തന്റെ പുസ്തകം ക്രൈസ്തവ സമൂഹത്തിൽ ഏറെ ശ്രദ്ധ നേടിയ ഗ്രന്ഥമാണ്. ക്രൈസ്തവ ആനുകാലികങ്ങളിൽ സ്ഥിരമായി രചനകൾ നിർവ്വഹിക്കുന്ന കെ. എ. ഫിലിപ്പ് അറുപതിലധികം ലഘുലേഖകൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

“ചിന്തിക്കേണ്ട യാഥാർത്ഥ്യങ്ങൾ” എന്ന ലഘു പുസ്തകം ഫ്രഞ്ച്, ഇംഗ്ലീഷ്, സ്പാനിഷ് ഉൾപ്പെടെ പതിനഞ്ച് ഭാഷകളിൽ പ്രസീദ്ധീകരിച്ചിട്ടുണ്ട്. മൈലപ്ര ട്രാക്റ്റ് സൊസൈറ്റിയുടെ തുടക്കക്കാരിൽ പ്രധാനിയായ കെ. എ. ഫിലിപ്പ് കേരളത്തിൽ ക്രൈസ്തവ ഭക്തി ഗാനങ്ങൾ ആദ്യമായി റെക്കോർഡ് ചെയ്ത് പ്രസിദ്ധീകരിക്കാൻ മുന്നിൽ നിന്ന വ്യക്തിയാണ്. 2025 ജനുവരി 15ന് പത്തനംതിട്ട സുവിശേഷാലയത്തിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും.

**ഭാര്യ:** സിസ്റ്റർ ഗ്രേസിക്കുട്ടി, **മക്കൾ:** ബ്രദർ ജെയ്സൺ, ബ്രദർ ജസ്റ്റസ്, ബ്രദർ ജസ്റ്റിൻ


# വൈ. എം. എഫ് യുവജനസമ്മേളനം

**കോട്ടയം:** വൈ. എം. എഫ് യുവജന സമ്മേളനം ഡിസംബർ 15 ന് 2.30 ന് കോട്ടയം കൺവൻഷനോട് അനുബന്ധിച്ച് തയ്യാറാക്കപ്പെട്ട വേദിയിൽ വെച്ച് യുവജന സമ്മേളനം നടക്കുന്നതാണ്. മുഖ്യ സന്ദേശം നൽക്കുന്നത് ഇവാ. തോമസ് ജോക്കബ് കല്ലിശേരിയാണ്. അതിനോട് അനുബന്ധിച്ച് ഇവാ. ഷാജി വർഗ്ഗീസ് കാൻടവ എം പി യുടെ മിഷനറി സാക്ഷ്യം ഉണ്ടായിരിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.**
പ്രസിഡന്റെ : ജോർജ് വി. മാത്യു - 949570634,
സെക്രട്ടറി : അനിൽ ചിങ്ങവനം - 9496161206

# പാമ്പാടി ക്രൂസേഡ്

**പാമ്പാടി:** പാമ്പാടി കമ്മ്യൂണിറ്റി ഹാൾ മൈതാനത്തിൽ 2025 ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ സുവിശേഷ പ്രഘോഷണവും സംഗീത സായാഹ്നവും നടക്കും. സുവി. കെ. വി. തോമസ്, സുവി. ജോയ് ജോൺ, സുവി. അജോയ് മാത്യു, സുവി. ബിജു ആലടി എന്നിവർ സന്ദേശം അറിയിക്കും.




# ഡാളസ് വൈ. എം. ഇ. എഫ് മിഷൻ ജംതാര

ഡാളസ് വൈ. എം. ഇ. എഫ് ഡാളസ് സ്പെഷ്യൽ മീറ്റിഗ് “മിഷൻ ജംതാര” ഡിസംബർ 22 ഞായർ വൈകിട്ട് 6.30 നടത്തപ്പെടുന്നതാണ്. ഡിസംബർ 23 തിങ്കൾ രാവിലെ ഇന്ത്യൻ സമയമാണ്. ഇവാ. സന്തോഷ തോമസ്, സിസ്റ്റർ റിനു സന്തോഷ് എന്നിവർ ചേർന്നു നടത്തുന്നത്. താൽപര്യത്തോടെ താഴെ കാണുന്ന സൂം മീറ്റിങ്ങിൽ പങ്കെടുക്കുക.

**Zoom Meeting ID 813 0092 86358**
**Passcode 949461**

# എ ഐ ബി എഫ് ഫാമിലി കോൺഫറൻസ്

**ഐസ്ലൻഡ്:** 2025 ഏപ്രിൽ 24 മുതൽ 27 വരെ ഐസ് ലൻഡ് വെച്ച് എ. ഐ. ബി. എഫ് ഫാമിലി കോൺഫറൻസ് നടക്കും.

CYC The Island, 41-53 Church St, Cowes VIC 3922

# ഗോസ്പെൽ ബ്രദറൺ കൺവൻഷൻ

**കാട്ടാക്കട:** പ്രാദേശിക സഭകൾ ചേർന്നൊരുക്കുന്ന ട്രിവാൻഡ്രം ബ്രദറൺ കൺവൻഷൻ ഗോസ്പൽ മീറ്റ് 2025 മെയ് 1 വ്യാഴം മുതൽ 4 ഞായർ വരെ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്നു. സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, സുവി. റ്റി.പി. കനകരാജ്, സുവി. സണ്ണി തോമസ്, സുവി. ബിജു കെ. ആലടി എന്നിവരാണ് പ്രസംഗകർ. ട്രിവാൻഡ്രം ബ്രദറൺ ക്വയർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകുന്നതാണ്. തിരുവനന്തപുത്തുള്ള സഹോദന്മാർ മറ്റ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

# ക്രിസ്മസ് സന്ദേശയാത്ര

**തിരുവല്ല:** സത്യം മിനിസ്ട്രീസിന്റെയും ജസ്റ്റിന്റെസ് ഹോമിലെ കുട്ടികളുടെയും ആഭിമുഖ്യത്തിൽ ക്രിസ്മസ് സന്ദേശയാത്ര നടത്തപ്പെട്ടു. തിരുവല്ല, തിരുമൂലപുരം, കറ്റോട്, മഞ്ഞാടി, മനയ്ക്കച്ചിറ, കവിയൂർ കണിയാംപാറ, ആഞ്ഞിലിത്താനം, പായിപ്പാട്, തോട്ടഭാഗം, പുന്നിലം, കല്ലൂപ്പാറ, കടമാൻകുളം, പുതുശ്ശേരി, വെണ്ണിക്കുളം, മുക്കൂർ എന്നീ സ്ഥലങ്ങളിൽ വച്ച് സുവിശേഷ പ്രഭാക്ഷണങ്ങളും കുട്ടികളുടെ വിവിധകലാവിരുന്നുകൾ നടക്കുകയുണ്ടായി. സുവിശേഷകന്മാരായ ഇ. എസ്. റജി, മാത്യു പി ജോൺ, പി കെ ജോയി, റ്റി ജെ തോമസ്, എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. കൂടാതെ Gospel Hall കവിയൂർ, Christian Brethren A ssembly Amarg എന്നീ സ്ഥലങ്ങളിൽ വെച്ച് ഗോസ്പെൽ മാറ്റിംഗ് നടത്തപ്പെട്ടു. ബ്രദർ മാത്യു ജോൺ ഗാനങ്ങൾ ആലപിച്ചു.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

YESUVINTE JEEVAVACHANAM

Date of Publications : 25.12.2024
RNI Reg. No. KERMAL/2012/42077
Postal Reg.No:KL/TLA/236/2024-26
Licence No :KL/TLA/WPP/192/2024-26

അക്ഷരത്തിലൂടെ ആത്മാക്കൾ

## കുമ്പനാട് ബ്രദറൺ കൺവൻഷൻ

**കുമ്പനാട്:** 29 ഡിസംബർ മുതൽ 5 ജനുവരി 2025 വരെ 119 -ാത് ബ്രദറൺ ജനറൽ കൺവൻഷൻ, കുമ്പനാട് കൺവൻഷൻ ഗ്രൗണ്ടിൽ നടത്തപ്പെടുന്നു. സുവിശേഷകൻ വി.പി. പൗലോസ് സുവിശേഷകൻ സാം. കെ. ജോൺ, എന്നിവർ ദൈവവചനത്തിൽ നിന്ന് ചിന്ത പങ്കുവെക്കുന്നതാണ്. കൺവൻഷൻ സമയ ക്രമം: രാവിലെ യോഗം 10 എ.എം. മുതൽ 1.30 പി.എം. വരെ, രാത്രി യോഗം: 6 പി.എം. മുതൽ 9. പി.എം. വരെ ഏവരെയും ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു.

## മേലകാവുമറ്റം കൺവൻഷൻ

**മേലുകാവുമറ്റം:** 2025 ജനുവരിയിൽ മേലുകാവുമറ്റം ബ്രദറൺ ചർച്ച് ഗ്രൗണ്ടിൽ വെച്ച് 17, 18, 19 എന്നീ തീയതികളിൽ വൈകിട്ട് 6.30 മുതൽ രാത്രി 9 മണി വരെ കൺവൻഷൻ നടത്തപ്പെടുന്നു. കോട്ടയം സെന്റർ വൈ. എം. ഇ. എഫിന്റെ ചുമതലയിൽ 19 ഞായർ 3.30 പി.എം. മുതൽ 5.30 പി. എം. വരെ യുവജന സമ്മേളനം നടക്കുന്നതാണ്. സുവി. സ്പർജൻ ജോൺ തൃശ്ശൂർ, സുവി. സജീവ് വർഗ്ഗീസ് പുതുപ്പള്ളി, സുവി. എബി. കെ. ജോർജ് മല്ലശ്ശേരി എന്നിവരാണ് പ്രസംഗകർ. ബ്രദർ ക്ലീറ്റസ് ചാണ്ടിപ്പിള്ള കെസിയാ, എം. ഇ ചെറിയാൻ എന്നിവരുടെ ഗാന സന്ധ്യ ഉണ്ടായിരിക്കുന്നതാണ്. ജനുവരി 17 വെള്ളി രാവിലെ 9 മുതൽ കോട്ടയം സെന്റർ വൈ. എം. ഇ. എഫിന്റെ ചുമതലയിൽ ഏകദിന സുവിശേഷ പ്രവർത്തനം ഉണ്ടായിരിക്കും.

## സത്യം പബ്ലിക്കേഷൻസ് ക്രിസ്മസ് പുസ്തകമേള ആരംഭിച്ചു

**തിരുവല്ല:** സത്യം പബ്ലിക്കേഷൻസ് ക്രിസ്മസ് പുസ്തകമേള ആരംഭിച്ചു. ഡിസംബർ 05 മുതൽ 20 വരെ മനക്കച്ചിറയിലുള്ള സത്യകൂടാരത്തിൽ പുസ്തകമേള നടത്തി. പുസ്തകമേളയിൽ 70% വരെ വിലകിഴിവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒട്ടനവധി സൗജന്യ ഗ്രന്ഥങ്ങൾ വായനക്കാർക്ക് ലഭ്യമാണ്. ക്രിസ്മസിനോടനുബന്ധിച്ച് പ്രത്യേക സമ്മാനങ്ങൾ വായനക്കാർക്ക് ക്രമീകരിച്ചിട്ടുണ്ട്. ക്രിസ്മസ് സ്റ്റാറുകൾ, ക്രിസ്മസ് ലൈറ്റുകൾ, ക്രിസ്മസ് റീത്തുകൾ, മറ്റ് ക്രിസ്മസ് അലങ്കാര ഇനങ്ങൾ എന്നിവയും മേളയിൽ ലഭ്യമാണ്.

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിലധികമായി പുസ്തക പ്രസിദ്ധീകരണ രംഗത്ത് പ്രവർത്തിക്കുന്ന സത്യം പബ്ലിക്കേഷൻസ് ക്രിസ്മസിനോടനുബന്ധിച്ചാണ് സൗജന്യ ഗ്രന്ഥ വിതരണം നടത്തുന്നത്. ഇംഗ്ലീഷ് മലയാളം ഭാഷകളിലായി ലക്ഷക്കണക്കിന് പുസ്തകങ്ങളിൽ നിന്നും വായനക്കാർക്ക് ഗ്രന്ഥങ്ങൾ തിരഞ്ഞെടുക്കാം വിദേശത്തുനിന്നും എത്തിയ രണ്ട് കണ്ടെയ്നറുകൾ ഗ്രന്ഥങ്ങളാണ് വിതരണം ചെയ്യുന്നത്. രാവിലെ 10 മുതൽ വൈകിട്ട് 7 മണിവരെയാണ് ഗ്രന്ഥവിതരണം നടത്തിയത് എന്ന് ചെയർമാൻ ഡോ. സി. വി. വടവന അറിയിച്ചു.

Master's Voice

മാസ്റ്റേഴ്സ് വോയിസ് പുനരാരംഭിക്കുന്നു.



പ്രശസ്ത ക്രൈസ്തവ ഗായകൻ ബ്രദർ മാത്യു ജോണിന്റെ നേതൃത്വത്തിൽ മാസ്റ്റേഴ്സ് വോയിസ് വീണ്ടും സജീവമാകുന്നു.
ക്രിസ്തീയ ഗാനങ്ങളും, സുവിശേഷ സന്ദേശവുമായി ഭാരതമൊട്ടാകെ സഞ്ചരിക്കാനാണ് ഒരുക്കങ്ങൾ നടത്തുന്നത് .
സുവിശേഷകരും പാട്ടുകാരുമടങ്ങുന്ന ഒരു സംഘം സഹോദരങ്ങൾ ഇതിലുണ്ടാകും.
ദൈവജനത്തിന്റെ പ്രാർത്ഥനയും സജീവസഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹാദരങ്ങളോടെ ക്രിസ്തുവിൽ സഹോദരന്മാർ

മാത്യു ജോൺ 7561098978
റെജി ഈട്ടിമൂട്ടിൽ 9495127455

JUSTIN'S HOME
DISABILITY CENTER



WE CARE FOR BODY AND SOUL

SPECIAL FEATURES

Specially Trained Teachers | Specially Doctors | Special Education | Qualified, Experienced & Committed Staff | Occupational Therapy | Special Attention to each Student | Extra Curricular Activities | Vocational Training & Counselling | Free Education & Care | Specially Designed Classrooms | Visiting Teachers from Abroad | School Bus Facility | Serene Campus | Innovative Curriculam | Physiotherapy | Speech Therapy | Attravtive Toys for childern | Interactive Electronic Games (Wii) | Creative Play | Sensory Room | NIOS Examination | Guidance & Support for Parents | Music & Band | Audio Visual Aids | Well- Equipped Physio GYM | Workshop & Seminars

How can you be a Partner in the Works of JUSTIN'S HOME?

- Your Prayerand Support Needed for Someone Who is Special.
- Sponsor Childer's Orthotics and Mobility Aids.
- Sponsor the Purchase of School Bus.
- Donate Generously Towards the Purchase of Suitable Land for Various projects under Justin's home.
- Contributetoward the Development of Building and Infrastructure.

Kaviyoor P. O Thiruvalla - 689582
Ph: 944 6513 555, 994 7119 040
justinshome@sathyam.org, sathyam.org



### വാട്ട്സ് ആപ്പിൽ ജീവവചനം മാസിക ലഭിക്കാനായി

ജീവവചനം മാസികയുടെ പി.ഡി.എഫ് വാട്ട്സ് ആപ്പിൽ ലഭിക്കാനായി താഴെ നൽകിയിരിക്കുന്ന നമ്പറിലേക്ക് ഒരു സന്ദേശമയക്കൂ.. തികച്ചും സൗജന്യമായാണ് ഈ പി.ഡി. എഫ് ലഭ്യമാകുന്നത്.

+91 9447126182, +91 9446513555

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR..CHACKO VARGHESE VADAVANA.